**GAZETTE DATE : 31.12.2024**
**LAST DATE : 29.01.2025**

# <u>CATEGORY NO:645/2024</u>

**SIXTH NCA NOTIFICATION**

Applications are invited online only through One Time Registration from qualified candidates for selection to the undermentioned post in Kerala Government Service. Before applying for the post, the candidates should register as per One Time Registration through the official website of Kerala Public Service Commission. Candidates who have already registered can apply through their profile.

**1 Department** : **Kerala Higher Secondary Education**

**2 Name of Post** : **Higher Secondary School Teacher Communicative English**

**Note :** Higher Secondary School Teacher means Full Time Post of Higher Secondary School Teacher (Senior)

**3 Scale of pay** : **₹ 55,200 - 1,15,300/-**

**4 Number of vacancies** : **Scheduled Caste - 01 – (One) (Category No-645/2024.)**

The above vacancy is now in existence. The NCA Ranked list published as per this notification will be valid until candidates are advised and appointed against the vacancies earmarked for the above mentioned community, but remained unfilled due to the paucity of candidates in the Mother Ranked list published on 26.12.2006 for the post (Category No-197/2005 )

Previous notifications details are furnished below -

Gazette Date of Ist NCA Notification - 12.12.2007 (Category No: 488/2007)

Gazette Date of IInd NCA Notification - 30.07.2009 (Category No: 303/2009)

Gazette Date of IIIrd NCA Notification - 31.12.2010 (Category No: 495/2010)

Gazette Date of IVth NCA Notification - 15.06.2012 (Category No: 321/2012)

Gazette Date of Vth NCA Notification - 10.09.2014 (Category No: 398/2014)

This is the Sixth NCA notification due to the non availability of qualified candidates for the post as per the above previous gazette notifications

**5 Method of appointment** : Direct Recruitment from among Scheduled Caste only. <u>In the absence of qualified Scheduled Caste candidates, application of Scheduled Tribe candidates will also be considered</u>

Note :- Applications of candidates belonging to communities other than those mentioned above will be summarily rejected. Individual communication regarding the rejection of their application will not be issued.

**6 Age limit** :

1. 20-45. [Only candidates born between 02.01.1979 and 01.01.2004 (both dates included) are eligible to apply for this post. including age relaxation in para 2 (i) of the General Conditions

(For other conditions regarding age relaxation, please see para 2 except para 2(i) of the General Conditions.)

**7 Qualifications** :

i Master's Degree in the Communicative English with not less than 50% marks from UGC recognised University or National Institute established by the Government of India or Institution established by the Government of Kerala.

**OR**

Master's Degree in English with not less than 50% marks from a UGC recognised University or National Institute established by the Government of India or Institution established by the Government

of Kerala and Post Graduate Diploma (not below B grade) in Teaching of English from Central Institute of English and Foreign Language or Post Graduate Diploma in English for Communication or Communicative English from a UGC recognised University or National Institute established by the Government of India or Institution established by the Government of Kerala.

ii (1) B.Ed degree in English acquired after a regular course of study from a UGC recognised University or National Institute established by the Government of India or Institution established by the Government of Kerala.

(2) In the absence of persons with B.Ed degree in English, B.Ed degree acquired after a regular course of study in any one of the subjects under the concerned Faculty as specified in the Acts and Statutes of any of the UGC recognised Universities or National Institute established by the Government of India or Institution established by the Government of Kerala.

(3) In the absence of persons with B.Ed degree as specified in items (1) and (2) above, persons with B.Ed degree in any subject acquired after a regular course of study from a UGC recognised University or National Institute established by the Government of India or Institution established by the Government of Kerala.

iii Must have passed the State Eligibility Test (SET) in English for the post of Higher Secondary School Teacher conducted by Government of Kerala or by the agency authorized by the State Government.

**( G.O.(P) No. 26/2024/G.Edn.dtd 29.11.2024 )**

Note :

1. In the absence of B.Ed Degree holders, candidates having qualifications specified in item (i) above and who have passed the State Eligibility Test will be considered. Preference will be given to Ph.D/M.Phil. Degree holders or those qualified at Junior Research Fellowship/National Eligibility Test. The Teachers appointed under this provision will have to acquire B.Ed Degree at their own expense within five years from the date of entry in service.
2. Preference will be given to those who have acquired Ph.D/M.Phil in English Language Teaching from any of the UGC recognised Universities or National Institute established by the Government of India or Institution established by the Government of Kerala. Higher Secondary School Teacher in Communicative English must be capable of handling both English and Communicative English subjects.
3. Persons who have acquired M.Ed in English recognised by any of the UGC recognised Universities or National Institute established by the Government of India or Institution established by the Government of Kerala are exempted from acquiring B.Ed qualification.
4. Candidates who have acquired Non-qualifying Degrees viz. Ph.D/M.Phil/Post Doctoral Fellowship will be awarded weightage marks provided that such Non-Qualifying Degrees shall be in the subjects pertaining to the basic qualification stipulated for the post. Weightage marks for Non-qualifying Degrees for ranking will be awarded as detailed below.

   Non-Qualifying M.Phil - 2 marks
   Non-Qualifying Ph.D - 4 marks
   Both M.Phil and Ph.D (Non-Qualifying) - 5 marks
   Post Doctoral Fellowship - 2 marks

   Non-qualifying degree means the additional qualifications which are earned apart from the qualifications insisted on as essential qualifications for the post. If Ph.D/M.Phil/Post Doctoral Fellowship is reckoned as necessary qualification for the post, weightage marks will not be awarded for it. Weightage marks will be awarded only to those non-qualifying degrees which are claimed in the application (in preferential qualification link) and which are acquired on or before the last date for receipt of applications.

**Exemptions:**

1. Those persons who have passed the State Level Eligibility Test (SLET) for the post of College Lecturers conducted by Government of Kerala are exempted from the State Eligibility Test for Higher Secondary School Teachers.
2. Those persons who have passed National Eligibility Test/Junior Research Fellowship shall be exempted from passing the State Eligibility Test.
3. Persons with Ph.D/M.Phil/M.Ed. degree shall be exempted from passing the State Eligibility Test provided the M.Phil in the concerned subject should be one awarded by any of the Universities in Kerala or recognized as equivalent by any of the Universities

in Kerala.

4. The teachers who have completed 10 (ten) years of approved teaching service at the High School level in the General Education subordinate service shall be exempted from passing the State Eligibility Test. [GO(P) No. 37/2005/Gl.Edn. Dated 04.02.2005]

5. Relaxation of 5% marks in the Post Graduation will be given to SC/ST and Differently Abled candidates as per G.O.(Ms) No.288/15/Gl.Edn. Dated 13.11.15.

Note :

1. Rule 10 a(ii) of part II of KS&SSR is applicable**.**

2. Candidates who claim equivalent qualification instead of qualification mentioned in the notification shall produce equivalency certificate / the relevant Government Order to prove the equivalency at the time of certificate verification, then only such qualification shall be treated as equivalent to the prescribed qualification.

3. In the case of difference in original Caste/Community claimed in the application and that entered in SSLC book, the candidate shall produce a Gazette notification in this regard, along with Non Creamy Layer Certificate / Community Certificate at the time of certificate verification.

**8 Mode of submitting Application:-**

(a) Candidates must register as per 'ONE TIME REGISTRATION' with the Official Website of Kerala Public Service Commission www.keralapsc.gov.in before applying for the post. Candidates who have registered can apply by logging in to their profile using their User-ID and password. Candidates must click on the **'Apply Now'** button of the respective posts in the Notification Link to apply for the post. Candidates who create new profile should upload their photograph taken within six months . Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the print out of the application by clicking on the link `My applications' in their profile. All correspondence with the Commission, regarding the application should be accompanied with the print out of the application.** The application will be summarily rejected if non-compliance with the notification is found in due course of processing. Original Documents to prove qualification, experience, age, Community etc. have to be produced as and when called for.

(b) If a Written/OMR/Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their One Time Registration Profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it.

(c) Appropriate disciplinary action as per KPSC Rules of Procedure Rule 22 shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and submit confirmation for writing the examination, irrespective of whether they are present or absent for the examination.

(d) Candidates who have AADHAR card should add AADHAR Card as ID Proof in their profile.

**9** Last date for receipt of applications:- **29.01.2025, Wednesday** upto 12.00 midnight.

10 **Address to which applications are to be sent :** www.keralapsc.gov.in

(For details including Photo, ID card etc refer the General conditions given in Part II of the Gazette Notification).

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 645/2024

### ആറാം എൻ.സി.എ വിജ്ഞാപനം

കേരള സർക്കാർ സർവീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ഓൺലൈനായി മാത്രം ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ളവർ അവരുടെ പ്രൊഫൈൽ മുഖേന അപേക്ഷിക്കാവുന്നതാണ്.

1. **വകുപ്പ്** : കേരള ഹയർ സെക്കന്ററി എഡ്യുക്കേഷൻ

2. **ഉദ്യോഗപ്പേര്** : ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ – കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലീഷ്

   **കുറിപ്പ്** : ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ തസ്തിക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഫുൾടൈം ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകൻ എന്നാണ്.

3. **ശമ്പളം** : ` 55,200–1,15,300/–

4. **ഒഴിവുകളുടെ എണ്ണം** : പട്ടികജാതി – 01 ( ഒന്ന് ) (കാറ്റഗറി നമ്പർ :645/2024)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന NCA റാങ്ക് പട്ടിക ഈ തസ്തികയുടെ 26.12..2006 തീയതിയിൽ നിലവിൽ വന്ന മാതൃ റാങ്ക് പട്ടികയുടെ (കാറ്റഗറി നമ്പർ 197/2005) കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്നതുമായ ഒഴിവുകളിലേക്ക് നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

മുൻ തീയതികളിലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച യഥാക്രമം ചേർക്കുന്നു

12.12.2007 ഗസറ്റിൽ പ്രസിദ്ധീകരിച്ച – കാറ്റഗറി നമ്പർ 488/2007 ഒന്നാം എൻ.സി.എ

30.07.2009 ഗസറ്റിൽ പ്രസിദ്ധീകരിച്ച – കാറ്റഗറി നമ്പർ 303/2009 രണ്ടാം എൻ.സി.എ

31.12.2010 ഗസറ്റിൽ പ്രസിദ്ധീകരിച്ച – കാറ്റഗറി നമ്പർ 495/2010 മൂന്നാം എൻ.സി.എ

15.06.2012 ഗസറ്റിൽ പ്രസിദ്ധീകരിച്ച – കാറ്റഗറി നമ്പർ 321/2012 നാലാം എൻ.സി.എ

10.09.2014 ഗസറ്റിൽ പ്രസിദ്ധീകരിച്ച – കാറ്റഗറി നമ്പർ 398/2014 അഞ്ചാം എൻ.സി.എ

മേൽ എൻ.സി.എ വിജ്ഞാപനങ്ങൾക്ക് ശേഷവും സംവരണ സമുദായത്തിൽ നിന്നുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തതിനാലാണ് ആറാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

5. **നിയമനരീതി** : **നേരിട്ടുള്ള നിയമനം ,** പട്ടികജാതി സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളേയും പരിഗണിക്കുന്നതാണ്.

   കുറിപ്പ്:– ഈ വിജ്ഞാപന പ്രകാരം മേൽപ്പറഞ്ഞ സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6. **പ്രായപരിധി** : 1. 20–45. ഉദ്യോഗാർത്ഥികൾ 02.01.1979_നും 01.01.2004_നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) –ലെ ആനുകൂല്യം ഉൾപ്പെടെ].

7. **യോഗ്യതകൾ** :

i ഒരു യുജിസി അംഗീകൃത സർവ്വകലാശാലയിൽ നിന്നും അല്ലെങ്കിൽ ഇന്ത്യാ ഗവൺമെന്റ് സ്ഥാപിതമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് അല്ലെങ്കിൽ കേരള സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും 50% മാർക്കിൽ കുറയാതെയുള്ള കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഷയത്തിലെ ബിരുദാനന്തര ബിരുദം.

**അല്ലെങ്കിൽ**

ഒരു യുജിസി അംഗീകൃത സർവ്വകലാശാലയിൽ നിന്നും അല്ലെങ്കിൽ ഇന്ത്യാ ഗവൺമെന്റ് സ്ഥാപിതമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് അല്ലെങ്കിൽ കേരള സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും 50% മാർക്കിൽ കുറയാതെ ഇംഗ്ലീഷ് വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദവും സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്

ആൻഡ് ഫോറിൻ ലാംഗ്വേജ് ൽ നിന്നും നേടിയ ബി ഗ്രേഡിൽ കുറയാത്ത ഇംഗ്ലീഷ് അധ്യാപനത്തിനുള്ള ബിരുദാനന്തര ഡിപ്ലോമ അല്ലെങ്കിൽ യുജിസി അംഗീകൃത സർവ്വകലാശാലയിൽ നിന്നോ ഇന്ത്യാ ഗവൺമെന്റ് അംഗീകൃത നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നോ കേരളത്തിലെ സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നോ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലോ അല്ലെങ്കിൽ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷനിലോ നേടിയിട്ടുള്ള ബിരുദാനന്തര ഡിപ്ലോമ.

ii 1 യുജിസി അംഗീകൃത സർവ്വകലാശാലയിൽ നിന്നോ ഇന്ത്യാ ഗവൺമെന്റ് സ്ഥാപിതമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നോ കേരളത്തിലെ സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നോ റഗുലർ പഠനത്തിലൂടെ ഇംഗ്ലീഷ് വിഷയത്തിൽ നേടിയ ബി.എഡ് ബിരുദം.

2 ഇംഗ്ലീഷ് വിഷയത്തിൽ ബി.എഡ് ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ യുജിസി അംഗീകൃത സർവ്വകലാശാലയിൽ നിന്നോ ഇന്ത്യാ ഗവൺമെന്റ് സ്ഥാപിതമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നോ കേരളത്തിലെ സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നോ അവയുടെ നിയമങ്ങളിലും ചട്ടങ്ങളിലും വ്യക്തമാക്കിയിട്ടുള്ള പ്രകാരമുള്ള ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ റഗുലർ പഠനത്തിലൂടെ നേടിയ ബി.എഡ് ബിരുദം .

3 മുകളിൽ സൂചിപ്പിച്ച ഇനം (1), (2) എന്നിവയിൽ പരാമർശിക്കുന്ന ബി. എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ യുജിസി അംഗീകൃത സർവ്വകലാശാലയിൽ നിന്നോ ഇന്ത്യാ ഗവൺമെന്റ് അംഗീകൃത നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നോ കേരളത്തിലെ സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നോ ഏതെങ്കിലും വിഷയത്തിൽ റഗുലർ പഠനത്തിലൂടെ നേടിയ ബി.എഡ്. ബിരുദം ഉണ്ടായിരിക്കണം.

iii കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന ഇംഗ്ലീഷ് വിഷയത്തിലുള്ള സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (SET) പാസ്സായിരിക്കണം.

(G.O.(P) No. 26/2024/G.Edn.dtd 29.11.2024 )

**കുറിപ്പ് :** 1. ബി.എഡ് ബിരുദധാരികളുടെ അഭാവത്തിൽ, മുകളിൽ (i) ഇനത്തിൽ വ്യക്തമാക്കിയിട്ടുള്ള യോഗ്യതകളും സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റും (SET) പാസ്സായ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. പി.എച്ച്.ഡി ബിരുദമോ എം.ഫിൽ ബിരുദമോ നേടിയിട്ടുള്ളവർക്കും ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് / നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (NET) നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും മുൻഗണന നൽകുന്നതാണ്. ഈ വ്യവസ്ഥ പ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകർ നിയമിക്കപ്പെടുന്ന തീയതി മുതൽ അഞ്ച് വർഷത്തിനുള്ളിൽ സ്വന്തം ചെലവിൽ ബി.എഡ് ബിരുദം നേടിയിരിക്കണം.

2. യുജിസി അംഗീകൃത സർവകലാശാലകൾ അല്ലെങ്കിൽ ഇന്ത്യാ ഗവൺമെന്റ് സ്ഥാപിതമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് അല്ലെങ്കിൽ കേരളത്തിലെ സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും ഇംഗ്ലീഷ് ഭാഷാ അധ്യാപനത്തിൽ പിഎച്ച്.ഡി/എം.ഫിൽ നേടിയവർക് മുൻഗണന നൽകും . കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ഹയർസെക്കൻഡറി സ്കൂൾ അധ്യാപകർക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷും അതോടൊപ്പം ഇംഗ്ലീഷും കൈകാര്യം ചെയ്യാനുള്ള കഴിവുണ്ടായിരിക്കണം.

3. യുജിസി അംഗീകൃത സർവകലാശാലകൾ അല്ലെങ്കിൽ ഇന്ത്യാ ഗവൺമെന്റ് സ്ഥാപിതമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് അല്ലെങ്കിൽ കേരളത്തിലെ സർക്കാർ സ്ഥാപനത്തിൽ നിന്നും ഇംഗ്ലീഷ് വിഷയത്തിലുള്ള എം.എഡ് ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ് യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4. തസ്തികയിലേയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന യോഗ്യതയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അപേക്ഷകർ നേടിയിട്ടുള്ള പിഎച്ച്.ഡി/എം.ഫിൽ/പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നീ നോൺ ക്വാളിഫയിംങ് ഡിഗ്രികൾക്ക് അധിക മാർക്ക് നൽകുന്നതാണ്. റാങ്കിങ്ങിനായി നോൺ ക്വാളിഫയിംങ് യോഗ്യതകൾക്ക് അധിക മാർക്ക് നൽ കുന്നത് താഴെ പറയുന്ന രീതിയിലായിരിക്കും.

നോൺ ക്വാളിഫയിങ് എം.ഫിൽ – 2 മാർക്ക്
നോൺ ക്വാളിഫയിങ് പിഎച്ച്.ഡി – 4 മാർക്ക്
എം.ഫിൽ & പിഎച്ച്.ഡി (നോൺ ക്വാളിഫയിങ്) – 5 മാർക്ക്
പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്– 2 മാർക്ക്

നോൺ ക്വാളിഫയിംങ് യോഗ്യതകൾ എന്നർത്ഥമാക്കുന്നത് ഈ തസ്തികയ്ക്ക് അവശ്യം വേണ്ടുന്ന യോഗ്യതകളായി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് ഉപരിയായി കരസ്ഥമാക്കിയിട്ടുള്ള അധിക യോഗ്യതകളെയാണ്. അടിസ്ഥാന യോഗ്യതയായി പിഎച്ച്.ഡി/എം.ഫിൽ/പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നിവ പരിഗണിക്കപ്പെടുകയാണെങ്കിൽ ആയതിന് അധിക മാർക്ക് അനുവദിക്കുകയില്ല. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിക്കുള്ളിൽ നേടിയതും അപേക്ഷയിൽ അവകാശപ്പെട്ടതുമായ ( മുൻഗണനാ യോഗ്യതാ ലിങ്കിൽ) നോൺ-ക്വാളിഫയിങ് ഡിഗ്രികൾക്കു മാത്രമേ വെയിറ്റേജ് മാർക്ക് നൽകുകയുള്ളൂ.

**പ്രത്യേക**
**ഇളവുകൾ :** 1. കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ് ലവൽ എലിജിബിലിറ്റി ടെസ്റ്റ് (SLET) ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (SET) പാസ്സായിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2. നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

3. പി.എച്ച്.ഡി/എം.ഫിൽ/എം.എഡ് യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസ്സായിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അപ്രകാരം നേടിയിട്ടുള്ള എം.ഫിൽ ബന്ധപ്പെട്ട വിഷയത്തിലുള്ളതും കേരളത്തിലുള്ള ഏതെങ്കിലും യൂണിവേഴ്സിറ്റി നൽകിയിട്ടുള്ളതോ കേരളത്തിലുള്ള ഏതെങ്കിലും യൂണിവേഴ്സിറ്റി തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതോ ആയിരിക്കണം.

4. പൊതുവിദ്യാഭ്യാസ വകുപ്പ് സബോർഡിനേറ്റ് സർവ്വീസിൽ ഹൈസ്കൂൾ തലത്തിൽ പത്തു വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കുന്നതാണ്. [GO(P) No. 37/2005/Gl.Edn. Dated 04.02.2005]

5. 13.11.15-ലെ G.O.(Ms) No.288/15/Gl.Edn. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എസ്.സി. / എസ്.റ്റി. / ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ എന്നിവർക്ക് ബിരുദാനന്തരബിരുദത്തിന് 5% മാർക്ക് ഇളവ് അനുവദിക്കുന്നതാണ്.

**കുറിപ്പ് :** (1) KS & SSR പാർട്ട് II റൂൾ 10 a (ii) ബാധകമാണ്.

(2) വിജ്ഞാപനപ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന രേഖ / സർക്കാർ ഉത്തരവ് പ്രമാണ പരിശോധന സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളു.

(3) ഉദ്യോഗാർത്ഥി അപേക്ഷയിൽ ശരിയായ ജാതി/സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്ന് വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺ ക്രീമിലെയർ/ ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി/സമുദായ വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണപരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

## 8. അപേക്ഷ സമർപ്പിക്കേണ്ട രീതി

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ ആറ് മാസത്തിനുള്ളിൽ എടുത്തിട്ടുള്ള ഫോട്ടോഗ്രാഫ് upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല . അപേക്ഷാ ഫീസ് നൽകേണ്ടതില്ല . Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ Soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ Print out കൂടി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം

നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(ബി) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് / ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും, അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

(സി) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ KPSC Rules of Procedure, Rule 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

**9.** അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി : **29.01.2025 ബുധനാഴ്ച** അർദ്ധരാത്രി 12.00 മണി വരെ

**10.** അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ് : www.keralapsc.gov.in

(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് പാർട്ട് – 2 ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക)

സാജു ജോർജ്ജ്

സെക്രട്ടറി

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ